## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 6308** — **08.07.2014 -ലെ മറുപടിക്ക്**

### കൊയിലാണ്ടി പോലീസ് സ്റ്റേഷന്റെ വിഭജനവും, രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളും

**ചോദ്യം** — **ശ്രീ. കെ. ദാസൻ**

**മറുപടി** — **ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഈ സർക്കാരിന്റെ ഭരണകാലയളവിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര; ഇതിൽ നാളിതുവരെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസ്സുകൾ എത്ര;

(എ) കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ ഈ സർക്കാരിന്റെ ഭരണകാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ, അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസുകൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | രജിസ്റ്റർ ചെയ്യപ്പെട്ട കേസുകൾ | കുറ്റപത്രം സമർപ്പിച്ച കേസുകൾ |
|---|---|---|
| 18.05.2011 മുതൽ 31.12.2011 വരെ | 570 | 568 |
| 2012 | 802 | 799 |
| 2013 | 1308 | 1289 |
| 2014 ജൂൺ 30 വരെ | 624 | 574 |

(ബി) കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ജോലിഭാരവും കേസ്സിന്റെ ബാഹുല്യവും പരിഗണിച്ച് സ്റ്റേഷൻ വിഭജിച്ച് പുതിയ സ്റ്റേഷൻ ആരംഭിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെങ്ങോട്ട് കാവ് കേന്ദ്രമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ആയത് 2011-12 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയശേഷം പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

| | |
|---|---|
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) നാളിതുവരെയായിട്ട് ഡി.ജി.പി. ഈ കാര്യത്തിൽ റിപ്പോർട്ട് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; മിഷൻ 676-ൽ ഇത് ഉൾപ്പെടുത്തുമോ? | (സി) & (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെങ്ങോട്ടുകാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 23.07.2012-ൽ സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചു. എന്നാൽ അതിൽ ഉൾപ്പെട്ടിട്ടുള്ള അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം നിരസിക്കുകയും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ നിർദ്ദേശം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 05.11.2013-ൽ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. നിലവിൽ പുതിയതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിക്കുകയും അതിനായി പഠനം നടത്തുവാൻ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം ചെങ്ങോട്ടുകാവ് കേന്ദ്രമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം മുൻഗണനാക്രമമനുസരിച്ച് മാത്രമേ പരിശോധിക്കാനാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**